## 246

*രീതി : നിൻ മുഖം കാണ്മാൻ കൊതി*

1 നിൻ പാദത്തിൽ ഞാൻ വന്ദിക്കുന്നേ
നിൻ മഹത്വം ഞാൻ വർണ്ണിക്കുന്നേ
അത്യുന്നതൻ നീ നിസ്തുല്യനാം അത്യാദരം ഞാൻ നമിക്കുന്നേ

2 താതൻ സവിധം വിട്ടീഭൂവിൽ താണിറങ്ങി നീ ക്രൂശിലോളം
താഴ്ചയിലെന്നെ ഓർത്ത നിന്നെ
താഴ്മയോടെ ഞാൻ നമിക്കുന്നേ

3 നീചനാം എന്നെ വീണ്ടെടുത്ത
നിൻ മഹാസ്നേഹം അവർണ്ണ്യമാം
നൽകിടുന്നെന്നെ ഞാൻ നിനക്കായ്
നന്ദിയോടെ ഞാൻ നമിക്കുന്നേ

4 രാജാധിരാജൻ ഉന്നതൻ നീ ദേവാധിദേവൻ വന്ദിതൻ നീ
സ്തോത്രം സ്തുതികൾ സ്വീകരിപ്പാൻ
പാത്രം നീ മാത്രം ഇന്നുമെന്നും **C.J.**